"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4649/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 12-03-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## നോട്ടീസ്

(അനുബന്ധം- എച്ച് 4)

ശ്രീമതി.സംഗീത വിശ്വനാഥൻ, ഐസിഡിഎസ്സ് സൂപ്പർവൈസർ, ഐസിഡിഎസ്സ് അട്ടപ്പാടി എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ/ കുറ്റപത്രം 06.12.2023 തീയതിയിലെ DWCD/4649/2023-E5 നമ്പർ പ്രകാരം 12.12.2023 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ Addressee out of Station എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ വകുപ്പിലേയ്ക്ക് മടക്കി. ടി കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ വകുപ്പിന്റെ വെബ്സൈറ്റായ **wcd.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം, താങ്കൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും, അതിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ/ കുറ്റപത്രത്തിന്റെ പൂർണ്ണരൂപം ആവശ്യമെങ്കിൽ നിശ്ചിതകാലാവധിക്കു മുമ്പ് വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്കു വാങ്ങാവുന്നതാണ്.

**Signed by Haritha V Kumar**
**Date: 13-03-2024 15:05:42**
HARITHA V KUMAR
**വനിത ശിശു വികസന ഡയറക്ടർ**

ശ്രീമതി.സംഗീത വിശ്വനാഥൻ,
ഐസിഡിഎസ് സൂപ്പർവൈസർ (അനധികൃതാവധിയിൽ),
ശിശുവികസന പദ്ധതി ഓഫീസ്
അട്ടപ്പാടി.